**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3157** **25-10-2021 - ൽ മറുപടിയ്ക്ക്**

**ശമ്പളം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിയമന നിരോധന കാലത്ത് എയ്ഡഡ് സ്കൂളുകളിൽ മാനേജർ നിയമിക്കുകയും സർക്കാർ ഉത്തരവ് പ്രകാരം പിന്നീട് നിയമനം അംഗീകരിക്കുകയും ചെയ്യുതും എന്നാൽ ശമ്പളം ഇതുവരെ ലഭിക്കാത്തവരുമായ അധ്യാപകർ ഉണ്ടോ; | (എ) | ഇങ്ങനെയുള്ള അധ്യാപകർ ഇനിയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ശമ്പളം ലഭിക്കാത്ത അധ്യാപകരെ ഉൾപ്പെടുത്തി ഡി.പി.ഐ പുറത്തിറക്കിയ ലിസ്റ്റിൽ നിലവിൽ ഉൾപ്പെടാത്ത അർഹതപ്പെട്ട അധ്യാപകരെ ഉൾപ്പെടുത്തി ശമ്പളം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 01/10/2011 ലെ സ.ഉ(പി)നം..199/ 2011/പൊ.വി.വ (അധ്യാപക പാക്കേജ് ഉത്തരവ്) പ്രകാരമാണ് റിട്രെഞ്ച്ഡ് അധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കിയത്. അധ്യാപക സംരക്ഷണമില്ലാത്ത സമയത്ത് (1997 മുതൽ 2011 വരെ) തസ്തിക നഷ്ടപ്പെട്ട് പുറത്തായ അധ്യാപകരെ അധ്യാപക പാക്കേജിലെ റിട്രെഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി സംരക്ഷണം അനുവദിച്ചു. ഇതിനുശേഷവും സർക്കാർ നിർദേശപ്രകാരം റിട്രെഞ്ചഡ് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹരായവരെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിട്ട് ഹർജി (സി)നം.30107/2013(കെ) യിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 15/01/2015 വിധിന്യായ പ്രകാരം അധ്യാപക പാക്കേജ് ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. കോടതി റദ്ദുചെയ്ത പാക്കേജിൽ വീണ്ടും അധ്യാപകരെ ഉൾപ്പെടുത്തുന്നത് കോടതി അലക്ഷ്യം ആകുന്നതിനു വഴിയൊരുക്കിയേക്കാം. മാത്രമല്ല, പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ അധ്യാപക പാക്കേജും അനുബന്ധ ഉത്തരവുകളും സർക്കാർ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ